പുതുതായി ആരംഭിച്ച 33 കെ.വി. സബ്സ്റ്റേഷനുകൾ

30 (6481) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര 33 കെ.വി. സബ്സ്റ്റേഷൻ അനുവദിച്ചു ; ഏതെല്ലാം സ്ഥലങ്ങളിലാണ് അനുവദിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് പരിഗണിച്ചുവരുന്നത് ; പരിഗണനയിലുള്ള 33 കെ.വി. സബ്സ്റ്റേഷനുകളുടെ പരിഗണനാലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിഗണനാലിസ്റ്റിൽ ഉൾപ്പെടുന്ന 33 കെ.വി. സബ് സ്റ്റേഷനുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേളകം, പറോക്ക്, വൈദ്യുതി ഭവനം (പാലക്കാട്), പാറ്റൂർ, വൈദ്യുതി ഭവനം (പട്ടം), തിരുവനന്തപുരം, വിളകുളം, ആര്യനാട്, ഗാന്ധിനഗർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പുതുതായി ആറ്റുകാൽ, രാജപുരം, മഞ്ചേരി സൗത്ത്, കടമ്പഴിപ്പുറം എന്നീ സ്ഥലങ്ങളിലാണ് സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് പരിഗണിച്ചുവരുന്നത്.

(സി) മേൽ സൂചിപ്പിച്ച പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്ന 33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കാവുന്നതാണ്.

ചടയമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

31 (6482) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നിലവിൽവന്നശേഷം 12.78 കിലോമീറ്റർ 11 കെ. വി. ലൈൻ നിർമ്മിക്കുകയും 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19.12 കിലോമീറ്റർ കൺവേർഷൻ പ്രവൃത്തികളും

LIBRARY ARCHIVES Kerala Legislative Assembly